LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിനൊന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2005 ജൂലൈ 27, ബുധൻ

വാല്യം CXXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 17

നിയമസഭ 2005 ജൂലൈ മാസം 27-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

# I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

*മിസ്റ്റർ സ്പീക്കർ*: ചോദ്യം നമ്പർ 358

**വ്യാജമരുന്നുകളും ഗുണനിലവാരം ഇല്ലാത്ത മരുന്നുകളും വിൽപ്പന നടത്തുന്നവർക്കെതിരെ നടപടി**

*1 [358] *ശ്രീ. ടി. പി. രാമകൃഷ്ണൻ:*

„ *വി. കെ. ചന്ദ്രൻ:*

„ *ടി. കെ. ദേവകുമാർ:*

„ *മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമരുന്നുകളും ഗുണനിലവാരം ഇല്ലാത്ത മരുന്നുകളും വ്യാപകമായി വിൽപ്പന നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

GPM. 2/588/2012—2

(ബി) എങ്കിൽ ഇപ്രകാരം വിൽപ്പന നടത്തുന്ന മരുന്നുകൾ കണ്ടുപിടിക്കുന്നതിന് ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ സേവനം പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; ഇല്ലായെങ്കിൽ ഇതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകളിൽക്കൂടി വ്യാജമരുന്നുകളും ഗുണനിലവാരം ഇല്ലാത്ത മരുന്നുകളും വിൽപ്പന നടത്തുന്നവർക്കെതിരെ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് കേസുകൾ എന്തെങ്കിലും രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*: സർ,

(എ) ഇല്ല.

(ബി) പര്യാപ്തമാണ്.

(സി) ഉണ്ട്.

1. വ്യാജമരുന്ന് വിൽപ്പന നടത്തിയ ഒരു കേസ് മാത്രമേ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളൂ. ആന്ധ്രാപ്രദേശിലെ മെട്രോ ഫാർമ നിർമ്മിച്ച് വിതരണം ചെയ്ത എം.ലൈഡ് (Nimesulide) ബാച്ച് നമ്പർ 050 എന്ന മരുന്ന് കേരളത്തിൽ വിൽപ്പന നടത്തിയ എറണാകുളത്തുള്ള മൊത്ത വ്യാപാരിക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ, ആലുവായിലുള്ള പല്ലവി ഫാർമസ്യൂട്ടിക്കൽ എന്ന സ്ഥാപനം നിർമ്മിച്ച് സർക്കാർ ആശുപത്രികളിലേക്ക് നൽകിയ ടർപന്റയിൻ ഓയിൽ എന്ന മരുന്നിനുപകരം ഫോർമൽ ഡീഹൈഡ് സൊലൂഷൻ (Formal Dehyde Solution) ചേർത്തതായി കണ്ടുപിടിച്ചിട്ടുണ്ട്. ഇതിനെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ കമ്പനിയെ സെൻട്രൽ പർച്ചേസ് കമ്മിറ്റി ലിസ്റ്റിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്. കമ്പനിയിൽ പരിശോധന നടത്തി ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് അനുസരിച്ച് പ്രവർത്തിക്കുന്നില്ല എന്ന് കണ്ടതിനാൽ കമ്പനി അടച്ചുപൂട്ടിയിട്ടുണ്ട്. മെട്രോ ഫാർമയുടെ ലൈസൻസ് കേരളത്തിൽനിന്നു കൊടുത്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആന്ധ്രയിൽ ക്യാൻസൽ ചെയ്തു.

2. ഗുണനിലവാരമില്ലാത്ത മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്ത കമ്പനികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് കമ്പനികൾക്കെതിരെ സംസ്ഥാനത്ത് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) (i) വ്യാജമരുന്ന് നിർമ്മിച്ച് വിതരണം ചെയ്തതിനെതിരെ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ii) നിശ്ചിത ഗുണനിലവാരമില്ലാത്ത മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്തതിനും മായം കലർന്ന മരുന്ന് നിർമ്മിച്ച് വിൽപ്പന നടത്തിയതിനും 32 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.)†

**വ്യാജമരുന്നുകളുടെ വിൽപ്പന**

*2 [371] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*

" *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ഷോപ്പുകൾവഴി വ്യാജമരുന്നുകളും കാലാവധി കഴിഞ്ഞ മരുന്നുകളും വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്ത് വ്യാജമരുന്നുവിൽപ്പന പരിശോധിക്കുന്നതിനായി എത്ര ഡ്രഗ്സ് ഇൻസ്പെക്ടർമാർ നിലവിലുണ്ട്;

(ഡി) ഇവരുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുന്നുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):* സർ,

(എ) വ്യാജമരുന്നുകൾ, കാലാവധി കഴിഞ്ഞ മരുന്നുകൾ ഇവ വിറ്റതായ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വ്യാജമരുന്നായി സംസ്ഥാനത്ത് ആകെ കണ്ടുപിടിച്ചത് ഒരെണ്ണം മാത്രമാണ്. ഇത് ആന്ധ്രാപ്രദേശിലെ മെട്രോ ഫാർമ എന്ന കമ്പനി നിർമ്മിച്ച് വിതരണം ചെയ്ത എം.ലൈഡ് (Nimesulide) എന്ന മരുന്നാണ്. ഈ മരുന്ന് കേരളത്തിൽ വിൽപ്പന നടത്തിയ മൊത്തവ്യാപാരിക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ, ആലുവായിലുള്ള പല്ലവി ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനം നിർമ്മിച്ച് സർക്കാരാശുപത്രികളിലേക്ക് വിതരണത്തിന് നൽകിയ ടർപന്റയിൻ ഓയിൽ എന്ന മരുന്നിനുപകരം ഫോർമൽ ഡീഹൈഡ് സൊലൂഷൻ (Formal Dehyde Solution)

†അനുബന്ധം I



LIBRARY ARCHIVES Kerala Legislative Assembly

*ശ്രീ. വർക്കല കഹാർ*: സർ, കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തികപരിധി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ഭേദഗതിയാണിത്. ഒരു കോടി എന്ന പരിധി വർഷങ്ങൾക്കുമുൻപ് നിശ്ചയിച്ചതാണ്. ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

*മി. സ്പീക്കർ*: ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

*ശ്രീ. വർക്കല കഹാർ*: സർ ഞാൻ പ്രസ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

*മി. സ്പീക്കർ*: ശ്രീ. പി. കെ. അബ്ദുറബ്ബ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

*ശ്രീ. പി. കെ. അബ്ദുറബ്ബ്*: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

*മി. സ്പീക്കർ*: 2002-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് (അമെന്റ്മെന്റ്) ബിൽ ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച്;

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

2002-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് (അമെന്റ്മെന്റ്) ബിൽ ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഒരു കാര്യം, ദയവുചെയ്ത് നാളെ ആരും മൊബൈൽ ഫോൺ കൊണ്ടുവരരുത്. ഇവിടെ ബുദ്ധിമുട്ട് ഉണ്ടാക്കരുത്. പലപ്പോഴും ഇത് ഇവിടെ ശബ്ദിക്കാറുണ്ട്. ഏതായാലും 11.30 മണിക്ക് നാളെ സഭ യോഗം ചേരുന്നതാണ്. സമയത്തുതന്നെ എത്തി എല്ലാപേരും ഇതിനെ ഭംഗിയാക്കുക. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 11.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ജൂലൈ മാസം 28-ാം തീയതി വ്യാഴാഴ്ച രാവിലെ 11.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4.10-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**അനുബന്ധം I**

[27-7-2005-ലെ നക്ഷത്രചിഹ്നമിട്ട *1(358)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

| *Sl. No.* | *Name of Medicine* | *Batch No.* | *Name of Manufacturer* | *Name of Court* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | Ibucon | 8003 | Concept Pharmaceuticals, Aurangabad | CJM, Kollam |
| 2 | Macknil Antacid | ME 31 | Dravidanadu Drugs & Pharmaceuticals | JFMC, Sulthan Bathery |
| 3 | Macknil Antacid | ME 29 | do. | do. |
| 4 | K's Dicitrate | 986 | K's Drugs Research Laboratories | JFMC, Chalakudy |
| 5 | Livogen Syrup | 010 | Glaxo India Ltd., Mumbai | JFMC, Thiruvalla |
| 6 | Methylergometrine Maleate Inj. I.P. | MEC 41 | G & G Pharmaceuticals, Punjab | JFMC, Thiruvananthapuram |
| 7 | Prochlorperazin Tab I.P. | 384 | Viboshi Pharma, Gujarat | JFMC, Ottappalam |
| 8 | Cloxacillin Injection I.P. | 301 | Modern Laboratories, Indore | Addl. CJM, Thiruvananthapuram |
| 9 | Coniflam | 007A | Akay Pharmaceuticals, A.P. | JFMC-I, Koyilandi |
| 10 | Cloxacillin Caps. I.P. | EXE 018 | Nestor Pharmaceuticals, Goa | CJM, Ernakulam |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 11 | Sodium Chloride Dextrose Inj. I.P. | 07G11459 | Kokkad Pharmaceuticals, Kottayam | JFMC, Kanjirappally |
| 12 | Terbutadine Inj. I.P. | TSIN 016 | Aztrazzeneca Pharma, Bangalore | JFMC, Kunnamkulam |
| 13 | Sodium Valporate Tab I.P. 20 Mg. | 7271 | Jackson Laboratories Pvt. Ltd., Amritsar | JFMC-II, Thiruvananthapuram |
| 14 | Ceftazidine Inj. USP 100 Mg. | CDI3004 | Vivek Pharmachem (I) Ltd. | JFMC, Vaikom |
| 15 | Savit (Vit B Complex Inj. (Vet) | S. 475 | Sara Pharmaceuticals, Nagarcoil | JFMC-I, Thrissur |
| 16 | Cloxacillin 250 Cap. | C 323 A | Maiden Pharmaceuticals, Kundli | JFMC, Haripad |
| 17 | Sodium Chloride Dextrose Inj. I.P. | 07611462 | Kokkad Pharmaceuticals, Kottayam | JFMC, Kanjirappally |
| 18 | Cloxacillin Sodium Cap. I.P. | CXC 0211 | Nestor Pharmaceuticals Ltd., Goa | JFMC, Muvattupuzha |
| 19 | Vyclox Cap (Ampicillin & Cloxacillin Cap.) | VC 5681 | Wirnrox Pharmaceuticals, Hyderabad | JFCM, Aluva |
| 20 | Amoxycillin mixture I.P. | MP 010 | Maiden Pharmaceuticals, Kundli | JFMC-III, Neyyattinkara |
| 21 | Ceftazidine Injection 1gm. | 4CV03 | Loaborate Pharmaceuticals Ltd., Panipet | CJMC, Kollam |

LIBRARY ARCHIVES Kerala Legislative Assembly

| | | | | |
|---|---|---|---|---|
| 22 | Anterin (Paracetamol Tab) | PB 089 | Vyas Drugs & Pharmaceuticals Pvt. Ltd. Alappuzha | JFMC, Alappuzha |
| 23 | Dexamethazone Tab I.P. | 5172 | Arco Pharma (Pvt.) Ltd., Vasai, Thana | CJMC, Ernakulam |
| 24 | Paracetamol Tablets I.P. | T 396 | Omega Bio-Tech. Ltd., Gaziabad | JFMC, Karunagappally |
| 25 | Cloxacillin Cap. I.P. | CH 147 | Lark Laboratories (India) Ltd., New Delhi | CJMC, Thrissur |
| 26 | Salbutamol Sulphate Tabs | 5817 | Galaxy Pharma, Mumbai | JFMC, Kothamangalam |
| 27 | Dexamethazone Sodium Phosphate Inj. I.P. Vet | | Sara Pharmaceuticals, Nagarcoil | JFMC, Thrissur |
| 28 | Salbutamol Tab | | Ganson Pharmaceuticals, Perinthalmanna | Kottayam |
| 29 | Mannitol Injection | | Kokkad Pharmaceuticals, Kottayam | Nedumangad |
| 30 | Tarpentine Oil | | Pallavi Pharmaceuticals, Chowara | Aluva |
| 31 | Disposable Needles | | Hans Syringes, Palakkad | Palakkad |
| 32 | I. V. Fluid | | Gujarat Injects, Palakkad | do. |